## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 5805 02.07.2019 -ൽ മറുപടിക്ക്

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഓൺലൈൻ സംവിധാനം

**ചോദ്യം**

ശ്രീ.വി.പി.സജീന്ദ്രൻ

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ

(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എത്ര പേർക്ക് നിയമനം നൽകിയെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ (5/16 to 4/19) ആകെ 34878 (മുപ്പത്തിനാലായിരത്തി എണ്ണൂറ്റി എഴുപത്തിയെട്ട്) പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഓൺലൈൻ വഴി പേര് രജിസ്റ്റർ ചെയ്യുന്നതിനും പുതുക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ ഈ സംവിധാനം നിലവിൽ വരുമെന്ന് വിശദീകരിക്കുമോ; | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഓൺലൈൻ മുഖേന പേര് രജിസ്റ്റർ ചെയ്യുന്നതിനും പുതുക്കുന്നതിനും സംവിധാനം നിലവിൽ ഉണ്ട്. 2017 മെയ് 3 മുതൽ www.employment.gov.in എന്ന വെബ്സൈറ്റ് വഴി പ്രസ്തുത സേവനങ്ങൾ ലഭ്യമാണ്. |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ പുതുക്കേണ്ട കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ; | (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ പുതുക്കേണ്ട കാലാവധി നിശ്ചയിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നടത്തിയശേഷം ഓരോ മൂന്ന് വർഷം കൂടുമ്പോഴും രജിസ്ട്രേഷൻ പുതുക്കൽ നടത്തേണ്ടതാണ്. SC/ST വിഭാഗങ്ങൾക്ക് ഒഴികെ മറ്റു വിഭാഗങ്ങൾക്ക് പുതുക്കേണ്ട മാസം കൂടാതെ തൊട്ടടുത്ത രണ്ടു മാസകാലാവധി കൂടി പുതുക്കൽ നടത്തുന്നതിനുള്ള ഗ്രേസ് പീരീഡ് ആയി അനുവദിച്ചിട്ടുണ്ട്. SC/ST ഉദ്യോഗാർത്ഥികൾക്ക് പുതുക്കേണ്ട മാസം കൂടാതെ ഒരു വർഷം കൂടെ പുതുക്കൽ നടത്തുന്നതിനുള്ള ഗ്രേസ് പീരീഡ് അനുവദിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് രജിസ്ട്രേഷൻ പുതുക്കാതെ പല കാരണങ്ങളാൽ രജിസ്ട്രേഷൻ ലാപ്സായി പോയ തൊഴിൽരഹിതർക്ക് അത് പുതുക്കുവാനുള്ള അവസരം ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരം രജിസ്ട്രേഷൻ റദ്ദായിപ്പോയ തൊഴിൽരഹിതർക്കു അത് പുതുക്കുവാനുള്ള അവസരം ലഭ്യമാക്കാറുണ്ട്. 2018 വർഷത്തിൽ സ.ഉ.(സാധാ) നമ്പർ |

| | | | |
|---|---|---|---|
| | | | 1279/2018/തൊഴിൽ തീയതി 07/11/2018 പ്രകാരം 01/01/1998 മുതൽ 31/10/2018 വരെയുള്ള കാലയളവിൽ റദ്ദായ എംപ്ലോയ്മെന്റ് രജിസ്ട്രേഷനുകൾ പുതുക്കി നൽകുന്നതിന് 2018 നവംബർ 15 മുതൽ 2018 ഡിസംബർ 31 വരെ സമയം അനുവദിച്ച ഉത്തരവായിരുന്നു. |

സെക്ഷൻ ഓഫീസർ